നം. എൻ.ഇ.പി.3/45318/2018 പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം

തീയതി : 24.07.2018

## സർക്കുലർ

**വിഷയം :-** **പൊതുവിദ്യാഭ്യാസം - പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം - ഹൈസ്കൂൾ പ്രഥമാധ്യാപകർക്ക് പ്രത്യേക ഐ.സി.ടി പരിശീലനം ക്രമീകരിക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു**

സൂചന :-1. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 21.03.2018-ലെ എൻ.ഇ.പി/63676/2018/ഡിപിഐ നമ്പർ സർക്കുലർ

2. 23.07.2018 ലെ കൈറ്റ് വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടറുടെ KITE/2018/1234 (38) നമ്പർ കത്ത്.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായുള്ള സമഗ്ര പോർട്ടൽ, ഹൈടെക് സ്കൂൾ പദ്ധതി, ലിറ്റിൽ കൈറ്റ്സ് തുടങ്ങിയവയെ അടിസ്ഥാനമാക്കി ഹൈസ്കൂൾ അധ്യാപകർക്ക് 2018 ഏപ്രിൽ/മെയ് മാസങ്ങളിൽ പരിശീലനങ്ങൾ നൽകിയിരുന്നു. സമഗ്ര പോർട്ടലിന്റെ ശരിയായ വിനിയോഗം, ഹൈടെക് സ്കൂൾ പദ്ധതി, ലിറ്റിൽ കൈറ്റ്സ് പദ്ധതി തുടങ്ങിയവയുടെ ശരിയായ നടത്തിപ്പ് ഹൈസ്കൂൾ പ്രഥമാധ്യാപകർ കൃത്യമായി മോണിറ്റർ ചെയ്യേണ്ടതുണ്ട്. ആയതിനാൽ എല്ലാ ജില്ലകളിലും ഹൈസ്കൂൾ പ്രഥമാധ്യാപകർക്കായി ദ്വിദിന പരിശീലനം 2018 ജൂലൈ 27, 28 തീയതികളിൽ നടത്തുന്നതാണ്. പരിശീലനവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. ഹൈസ്കൂൾ വിഭാഗത്തിലെ എല്ലാ പ്രഥമാധ്യാപരും ജൂലൈ 27, 28 തീയതികളിൽ കൈറ്റ് സംഘടിപ്പിച്ചിരിക്കുന്ന പരിശീലനത്തിൽ പങ്കെടുക്കേണ്ടതാണ്.
2. പരിശീലനത്തിന് മുന്നോടിയായിട്ടുള്ള എസ്.ആർ.ജി., ഡി.ആർ.ജി പരിശീലനങ്ങൾ കൈറ്റ് മാസ്റ്റർ ട്രെയിനർമാരേയും എസ്.ഐ.റ്റി.സിമാരേയും ഉൾപ്പെടുത്തി ജൂലൈ 26-നു മുമ്പ് കൈറ്റിന്റെ നേതൃത്വത്തിൽ പൂർത്തിയാക്കേണ്ടതാണ്.
3. കൈറ്റ് നൽകുന്ന എസ്.ആർ.ജി, ഡി.ആർ.ജി പരിശീലനങ്ങളിൽ പങ്കെടുത്തവർ ആയിരിക്കണം പ്രഥമാധ്യാപക പരിശീലനം നടത്തേണ്ടത്.
4. പരിശീലനത്തിൽ പങ്കെടുക്കുന്ന പ്രഥമാധ്യാപകർക്ക് പ്രതിദിനം 200/- രൂപയും പരിശീലകർക്ക് (RPs) പ്രതിദിനം 250/- രൂപയും ഓണറേറിയമായി കൈറ്റ് നൽകേണ്ടതാണ്.
5. കൈറ്റ് മാസ്റ്റർ ട്രെയിനർമാരുടെ നേതൃത്വത്തിൽ അതത് ജില്ലകളിൽ പരിശീലന കേന്ദ്രങ്ങൾ സജ്ജീകരിക്കേണ്ടതാണ്. പരിശീലനത്തിനാവശ്യമായ കമ്പ്യൂട്ടർ ലാബുകൾ ലഭ്യമല്ലെങ്കിൽ സ്കൂളുകൾക്ക് വിതരണം ചെയ്ത ലാപ്ടോപ്പുകൾ ശേഖരിച്ച് അനുയോജ്യമായ സ്കൂളുകളിൽ താൽക്കാലികമായി കമ്പ്യൂട്ടർ ലാബ് സജ്ജീകരിച്ച് പരിശീലനം നടത്തേണ്ടതാണ്.
6. പരിശീലനത്തിന്റെ ഗുണനിലവാരം, കാര്യക്ഷമത എന്നിവ ഉറപ്പുവരുത്തുന്നതിന് ജില്ലയിലെ വിദ്യാഭ്യാസ ഓഫീസർമാരും കൈറ്റിന്റെ ജില്ലാ കോർഡിനേറ്റർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതും വിദ്യാഭ്യാസ ഓഫീസർമാർ പരിശീലന കേന്ദ്രങ്ങൾ സന്ദർശിച്ച് ആവശ്യമായ ഉപദേശ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

7. പ്രഥമാധ്യാപകരും പരിശീലകരും പരിശീലന സമയം കഴിയുന്നതുവരെ പരിശീലന കേന്ദ്രത്തിൽ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

8. പരിശീലനകേന്ദ്രങ്ങൾക്ക് പ്രതിദിനം 250/- രൂപ ലാബ് മെയിന്റനൻസിനായി കൈറ്റ് നൽകേണ്ടതാണ്.

9. പരിശീലനത്തിൽ പങ്കെടുക്കുന്ന പ്രഥമാധ്യാപകരുടെ ഹാജർ, അക്വിറ്റൻസ്, ഡ്യൂട്ടി സർട്ടിഫിക്കറ്റ് മുതലായവ ട്രെയിനിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ നിന്ന് ജനറേറ്റ് ചെയ്താണ് ഉപയോഗിക്കേണ്ടത്. ഓരോ ബാച്ചിലും പരിശീലനത്തെക്കുറിച്ചുള്ള അധ്യാപകരുടെ ഫീഡ്ബാക് ശേഖരിക്കേണ്ടതും ആയത് ട്രെയിനിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ അതത് പരിശീലകർ കൃത്യമായി ഉൾപ്പെടുത്തേണ്ടതുമാണ്.

**പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ** (ജനറൽ)

വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്
എല്ലാ ഡിഡിഇ, ഡിഇഒമാർക്കും
എല്ലാ ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും (കൈറ്റ് ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)
സ്റ്റോക്ക് ഫയൽ